# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3355 — 29/1/2014 ൽ മറുപടിയ്ക്ക്

## പഴം-പച്ചക്കറി വിലക്കയറ്റം നിയന്ത്രിക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റ്റി.യു. കുരുവിള<br>,, സി.എഫ്. തോമസ് | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) പഴം-പച്ചക്കറി വിലക്കയറ്റം നിയന്ത്രിക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;<br><br>(ബി) ഹോർട്ടികോർപ്പ് , വി.എഫ്.പി.സി.കെ. തുടങ്ങിയ വിവിധ ഏജൻസികളെ ശക്തിപ്പെടുത്തി പഴം - പച്ചക്കറി വിലക്കയറ്റം നിയന്ത്രിക്കാൻ നടപടികൾ സ്വീകരിക്കുമോ; | (എ) & (ബി) വിപണിയിൽ പഴം -പച്ചക്കറികളുടെ വില ക്രമാതീതമായി വർദ്ധിക്കുമ്പോൾ കൃഷി വകുപ്പിന്റെ മാർക്കറ്റ് ഇന്റർവെൻഷൻ ഫോർ പ്രൈസ് സ്റ്റബിലൈസേഷൻ എന്ന പദ്ധതി പ്രകാരം ഹോർട്ടികോർപ്പ്, വിഎഫ്പിസികെ എന്നീ ഏജൻസികൾ വിപണി ഇടപെടൽ നടത്തി വില നിയന്ത്രിക്കുന്നുണ്ട്. പ്രസ്തുത ഇടപെടൽ നടത്തുമ്പോൾ ഏജൻസികൾക്കുണ്ടാകുന്ന നഷ്ടം പ്രസ്തുത പദ്ധതി പ്രകാരം നികത്തി നൽകുന്നു. ഓണം , റംസാൻ, ക്രിസ്തുമസ് തുടങ്ങിയ ഉത്സവ സീസണുകളിലും മേളകൾ സംഘടിപ്പിച്ച് വിപണി ഇടപെടൽ നടത്തുന്നുണ്ട്.<br><br>2013-14 വർഷത്തിൽ റംസാൻ -ഓണം സീസണിൽ പഴം-പച്ചക്കറികളുടെ വില നിയന്ത്രിക്കുന്നതിനായി ഹോർട്ടികോർപ്പ്, വിഎഫ്പിസികെ ഉൾപ്പെടെ വിവിധ ഏജൻസികളുടെ |

| | | | |
|---|---|---|---|
| | | | പങ്കാളിത്തത്തോടെ നിറവ് - ഓണം റംസാൻ ഫെയറുകൾ" ജില്ലകളിൽ 2013 ജൂലൈ - സെപ്റ്റംബർ മാസങ്ങളിൽ നടത്തിയിട്ടുണ്ട്. കേരള ലാന്റ് ഡവലപ്മെന്റ് ബോർഡ്, കേരള ഫീഡ്സ്, കെപ്കോ, എം.പി.ഐ , കേരഫെഡ് തുടങ്ങിയ ഏജൻസികളും പ്രസ്തുത മേളകളിൽ പങ്കാളികൾ ആയിരുന്നു. |
| (സി) | കഴിഞ്ഞ ഒരു വർഷക്കാലത്ത് സംസ്ഥാനത്ത് നിലവിൽ ഉണ്ടായിരുന്ന പഴം-പച്ചക്കറികളുടെ വിലനിലവാരം മാസാടിസ്ഥാനത്തിൽ വെളിപ്പെടുത്തുമോ ; | (സി) | കഴിഞ്ഞ ഒരു വർഷക്കാലത്ത് സംസ്ഥാനത്ത് നിലവിലുണ്ടായിരുന്ന പഴം - പച്ചക്കറികളുടെ വിലനിലവാരം അനുബന്ധമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| (ഡി) | പഴം - പച്ചക്കറി പൂഴ്ത്തിവയ്പ്പ് തടയുന്നതിനും ഇവയിൽ മാരകമായ വിഷപ്രയോഗം നടത്തുന്നത് തടയുന്നതിനും നടപടി സ്വീകരിക്കുമോ ? | (ഡി) | സൂക്ഷിപ്പ് കാലാവധി കുറഞ്ഞ ഉല്പ്പന്നങ്ങളാകയാൽ പഴം - പച്ചക്കറികൾ പൂഴ്ത്തിവയ്പ്പ് നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇവയിലെ മാരകമായ വിഷപ്രയോഗം തടയുന്നതിനായി, മാരക കീടനാശിനികൾ നിരോധിക്കുകയും അനിയന്ത്രിതമായ കീടനാശിനി പ്രയോഗത്തിനെതിരെ കർഷകർക്ക് ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുകയും ചെയ്യാറുണ്ട്. |

സെക്ഷൻ ഓഫീസർ

2

## RETAIL PRICE OF VEGETABLES FROM JANUARY 2013 TO DECEMBER 2013 (RS./KG.)

| Sl. No | Item | Jan | Feb | Mar | Apr | May | June | July | Aug. | Sep | Oct. | Nov. | Dec. |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | Banana | 48 | 45 | 45 | 30 | 38 | 50 | 60 | 55 | 55 | 50 | 55 | 40 |
| 2 | Beans | 35 | 40 | 55 | 120 | 70 | 60 | 40 | 40 | 50 | 40 | 40 | 30 |
| 3 | Beetroot | 20 | 20 | 20 | 35 | 40 | 40 | 30 | 30 | 25 | 24 | 20 | 20 |
| 4 | Bitter gourd | 50 | 45 | 50 | 55 | 50 | 60 | 60 | 60 | 60 | 50 | 50 | 50 |
| 5 | Brinjal | 24 | 20 | 28 | 20 | 20 | 24 | 25 | 30 | 30 | 28 | 20 | 16 |
| 6 | Cabbage | 16 | 16 | 16 | 16 | 20 | 30 | 35 | 30 | 35 | 20 | 25 | 20 |
| 7 | Carrot | 40 | 40 | 35 | 50 | 50 | 40 | 50 | 48 | 50 | 55 | 50 | 40 |
| 8 | Cauliflower | 40 | 35 | 30 | 45 | 80 | 50 | 40 | 40 | 50 | 50 | 50 | 40 |
| 9 | Colocasia | 40 | 40 | 45 | 40 | 40 | 40 | 60 | 35 | 50 | 40 | 40 | 40 |
| 10 | Cowpea | 60 | 50 | 60 | 60 | 60 | 70 | 70 | 60 | 70 | 60 | 60 | 50 |
| 11 | Cucumber | 40 | 20 | 20 | 28 | 16 | 20 | 50 | 20 | 16 | 30 | 16 | 16 |
| 12 | Drumstick | 80 | 40 | 30 | 24 | 28 | 50 | 50 | 28 | 30 | 65 | 60 | 60 |
| 13 | Elephant Footyam | 24 | 24 | 24 | 24 | 28 | 30 | 28 | 30 | 28 | 24 | 24 | 24 |
| 14 | Ginger | 50 | 50 | 60 | 80 | 140 | 160 | 160 | 170 | 80 | 70 | 70 | 70 |
| 15 | Green chillies (Small) | 30 | 28 | 24 | 35 | 40 | 50 | 40 | 60 | 60 | 40 | 30 | 30 |
| 16 | Ladies Finger | 30 | 30 | 30 | 24 | 16 | 40 | 30 | 20 | 30 | 24 | 24 | 20 |
| 17 | Onion Big | 24 | 30 | 20 | 20 | 20 | 24 | 30 | 65 | 65 | 60 | 65 | 30 |
| 18 | Potato | 25 | 24 | 20 | 20 | 24 | 24 | 24 | 20 | 24 | 24 | 40 | 30 |
| 19 | Pumpkin | 14 | 16 | 16 | 16 | 20 | 16 | 20 | 16 | 20 | 20 | 20 | 16 |
| 20 | Snake gourd | 24 | 28 | 34 | 35 | 35 | 35 | 40 | 35 | 30 | 24 | 30 | 30 |
| 21 | Tomato | 20 | 16 | 16 | 24 | 40 | 40 | 50 | 20 | 20 | 35 | 40 | 24 |